ഉത്തരം

(എ) ഇല്ല.

(ബി) ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മദ്യഷാപ്പുകൾ അനുവദിക്കുവാൻ റവന്യൂ ബോർഡിനുണ്ടായിരുന്ന അധികാരം

192. [474] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ആരാധനാലയങ്ങളുടെയും വിദ്യാലയങ്ങളുടേയും നാനൂറ് മീറ്ററിനുള്ളിൽ ആവശ്യമെന്നു കണ്ടാൽ മദ്യഷാപ്പുകൾ അനുവദിക്കാൻ റവന്യൂ ബോർഡിനുണ്ടായിരുന്ന അധികാരം ഹൈക്കോടതി റദ്ദാക്കിക്കൊണ്ട് ഉത്തരവിടുകയുണ്ടായോ ;

(ബി) ഗുരുവായൂരിൽ ക്ഷേത്രപരിസരത്ത് അനുവാദം നൽകി പ്രവർത്തിക്കുന്ന മദ്യഷാപ്പും ബാറും നിറുത്തൽ ചെയ്യുമോ ;

(സി) ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കാൻ ഗവൺമെൻറ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഈ ഉത്തരവിനെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) മദ്യഷാപ്പുകളുടെ സ്ഥലനിർണ്ണയം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിരുന്ന നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി വിധിയുണ്ടായിട്ടുണ്ട്.

(ബി) മദ്യഷാപ്പ് നിർത്തുന്നത് സംബന്ധിച്ച് മേൽപ്പറഞ്ഞ വിധി ന്യായത്തിന്റെ പകർപ്പു കിട്ടിയതിനുശേഷം പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്. ബാറിനെ സംബന്ധിച്ചിടത്തോളം 400 മീറ്റർ പരിധി ബാറുകൾക്കും ബാധകമാക്കുന്നതിന് ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) വിധിന്യായത്തിന്റെ പകർപ്പു കിട്ടിയശേഷം പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

മദ്യനിരോധനം

193. [475] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പരിപൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുകയാണെങ്കിൽ കേന്ദ്രം സംസ്ഥാനത്തിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ;

(ബി) പടിപടിയായി സംസ്ഥാനത്ത് മദ്യനിരോധനം ഏർപ്പെടുത്താൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(സി) ഇക്കാര്യത്തിനായി വിദേശമദ്യ വിൽപ്പനയും പിന്നീട് ചാരായ വിൽപ്പനയും പടിപടിയായി ഇല്ലാതാക്കാൻ നടപടികൾ എടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ബാർ ലൈസൻസുകൾ കൊടുക്കാതിരിക്കാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) മദ്യ നിരോധനം പരിപൂർണ്ണമായി നടപ്പിലാക്കുകയാണെങ്കിൽ 1977-78 ലെ എക്സൈസ് റവന്യൂ അടിസ്ഥാനമാക്കിയുണ്ടാകാവുന്ന നഷ്ടത്തിന്റെ 50% 1978-79 മുതൽ നികത്തിത്തരാമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നു.

(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.
(ഡി) ഈ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലില്ല.

ആയിക്കരയിൽ ഒരു ചെറുകിട തുറമുഖം

194. [476] ശ്രീ. പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയിക്കര മാപ്പിളബേ ഒരു ചെറുകിട തുറമുഖമാക്കാനുള്ള വല്ല പദ്ധതിയും ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് പ്രാവർത്തികമാക്കും ?

ഉത്തരം

(എ) ഇല്ല.
(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II ശ്രദ്ധക്ഷണിക്കൽ

(1) വൈക്കത്തെ ചെമ്പുകായൽ ഭൂമി അളന്നു തിരിച്ച് പട്ടയം നൽകാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എം. കെ. കേശവൻ : സർ, പന്ത്രണ്ടു വർഷങ്ങൾക്കുമുമ്പ് വൈക്കത്തെ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികളും ഹരിജനങ്ങളും മൽസ്യത്തൊഴിലാളികളും കയർത്തൊഴിലാളികളുമായിട്ടുള്ള 915 ആളുകൾക്ക് 50 സെന്ററുവീതം പട്ടയം കൊടുത്ത ഭൂമിയാണ് വൈക്കത്തെ ചെമ്പുകായൽ. അന്ന് ആ
9.30 A.M. ഭൂമി പതിച്ച് പട്ടയം കൊടുക്കുന്ന കാലത്ത് ഗവൺമെന്റ് അവരോട് പ്രഖ്യാപിച്ചിരുന്നത് ഈ ഭൂമിക്ക് സർക്കാർ പുറംബണ്ടിട്ട് നികത്തി കൃഷിക്കും താമസത്തിനും ഉപയുക്തമാക്കിക്കൊടുക്കാമെന്നാണ്. അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് റവന്യൂ ബോർഡിന്റെ അധികാരികൾ സ്ഥലം പരിശോധിക്കുകയും 48 ലക്ഷം രൂപയുടെ ഒരു

LIBRARY ARCHIVES Kerala Legislative Assembly